കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നീലംപേരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)*

നം.കെ.എസ്.എ-എ.എൽ.പി-പി15-1324/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
തീയതി. 04.11.2017
ഫോൺ - 0477 2252753
ഇ-മെയിൽ - ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നീലംപേരൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നീലംപേരൂർ ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-1 ഖണ്ഡികയിലേക്കും ഭാഗം 3-ലെ 3-1, 3-4, 3-10 ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി15-1324/2017 തീയതി: 04.11.2017

# ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 09.10.2017 മുതൽ 19.10.2017വരെ | ശ്രീ. രാജേഷ്. കെ. ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ചന്ദ്രശേഖരൻ. ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. സുനിൽ കെ.ബി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീമതി. രജനി ബാബു | 01.04.2016 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1. | ശ്രീ. ആഷ്‌ലി നായർ | 01.04.2016 മുതൽ 14.11.2016 വരെ |
| 2. | ശ്രീ. സാജുമോൻ പത്രോസ്, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്) | 14.11.2016 മുതൽ 20.12.2016 വരെ<br>25.02.2017 മുതൽ 31.03.2017 വരെ |
| 3. | ശ്രീ. പെരുമാൾ പിള്ള ആർ.വി. | 21.12.2016 മുതൽ 25.02.2017 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. പ്രീനോ ഉതുപ്പാൻ | 01.04.2016 മുതൽ 31.03.2017വരെ |
| 2 | വികസനകാര്യം | ശ്രീമതി. സബിതാ രാജേഷ് | 01.04.2016 മുതൽ 31.03.2017വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. ഗോപാലകൃഷ്ണൻ | 01.04.2016 മുതൽ 31.03.2017വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീമതി. കുഞ്ഞുമോൾ വിജയകുമാർ | 01.04.2016 മുതൽ 31.03.2017വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി. ധന്യ കൃഷ്ണൻ | 01.04.2016 മുതൽ 31.03.2017വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. ഷീജ. വി.എം. | 01.04.2016 മുതൽ 31.03.2017വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശുഭ.വി. | 01.04.2016 മുതൽ 31.05.2016വരെ |
| | | ശ്രീമതി. രാജശ്രീ. വി. | 01.06.2016 മുതൽ 20.12.2016വരെ |
| | | ശ്രീമതി.അഞ്ജു അരുമനായകൻ | 21.12.2016 മുതൽ 31.03.2017വരെ |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | ഡോ. ശിൽപ്പ ശശി | 01.04.2016 മുതൽ 31.03.2017വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജീവൻകുമാർ | 01.04.2016 മുതൽ 31.03.2017വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ലീന ജാസ്മിൻ | 01.04.2016 മുതൽ 31.03.2017വരെ |
| 7 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. റെജിമോൾ. ടി. | 01.04.2016 മുതൽ30.08.2016വരെ |
| | | ശ്രീമതി. രാജി. ആർ. നായർ | 31.08.2016മുതൽ 31.03.2017വരെ |
| 8 | പ്രധാനാധ്യാപകൻ ഗവ.എൽ.പി. എസ്. | ശ്രീ. പ്രഭാകരൻ പിള്ള. എച്ച്. ആർ. | 01.04.2016 മുതൽ 31.03.2017വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. തിലകൻ. റ്റി.ആർ | 01.04.2016 മുതൽ 25.08.2016 വരെ |
| | | ശ്രീ. ഹരിലാൽ. കെ. | 26.08.2016 മുതൽ 30.12.2016 വരെ |
| | | ശ്രീമതി. ഇന്ദുശ്രീ.ഐ.ബി. | 30.12.2016 മുതൽ21.01.2017 വരെ |
| | | 22.01.2017 മുതൽ 29.01.2017 വരെ തസ്തിക ഒഴിവ് | |
| | | ശ്രീമതി.അജിതാ അനീഷ് | 30.01.2017 മുതൽ 31.03.2017 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സതീഷ് കുമാർ. കെ | 01.04.2016 മുതൽ 31.03.2017വരെ |
| | | ശ്രീ. അലിയാർ. പി.എം | 01.04.2016 മുതൽ31.03.2017വരെ |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സാജുമോൻ പത്രോസ് | 01.04.2016 മുതൽ 31.03.2017വരെ |

ഉള്ളടക്കം

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|

| | | |
|---|---|---|
| | | |
| ഭാഗം-1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തനത് വരുമാനം | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം-2 | | |
| 11 | തൊഴിൽ/സ്ഥാപന നികുതി/ഡി & ഓ അപാകതകൾ | 2-1 |
| 12 | വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല- ഈടാക്കിയതിൽ കുറവ് | 2-2 |
| 13 | ദുരിതാശ്വാസ നിധിയും, ബാങ്ക് അക്കൌണ്ടുകളും നിർജ്ജീവാവസ്ഥയിൽ | 2-3 |
| ഭാഗം-3 | | |
| 14 | പദ്ധതി ആസൂത്രണ-നിർവ്വഹണത്തിൽ സാരമായ വീഴ്ച- പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു | 3-1 |
| 15 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ -ചെലവു തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-2 |
| 16 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം-ചെലവ് രേഖകൾ ലഭ്യമല്ല | 3-3 |

| | | |
|---|---|---|
| 17 | എസ്.എസ്. എ. -വിനിയോഗ രേഖകൾ ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-4 |
| 18 | പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങളിൽ അവ്യക്തത-രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്ന | 3-5 |
| 19 | പിഎച്ച്സിയ്ക്ക് മരുന്ന വാങ്ങൽ-രേഖകൾ ലഭ്യമല്ല | 3-6 |
| 20 | മുഴുവൻ തുകയ്ക്കുള്ള ആയുർവേദ മരുന്ന് നാളിതുവരെയായും ലഭ്യമായിട്ടില്ല. | 3-7 |
| 21 | IAY അധിക സഹായം -ജനറൽ - 4 ഗുണഭോക്താക്കൾക്ക വേണ്ടി പിൻവലിച്ച 80000 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്ന | 3-8 |
| 22 | വീട് പുനരുദ്ധാരണം -എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ,അളവുകൾ രേഖപ്പെടുത്താത്ത വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും സബ്സിഡി അനുവദിക്കുന്നു. | 3-9 |
| 23 | നാരകത്രു ജലസേചന പദ്ധതി- നിർമ്മാണ പ്രവർത്തനങ്ങളിൽ നിയമപരമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 3-10 |
| 24 | ബഡ്സ് സ്കൂൾ നിർമ്മാണം- ചുറ്റുമതിലിന്റെ പ്ലാസ്റ്ററിംഗിൽ അധിക ചെലവ് | 3-11 |
| 25 | മത്സ്യത്തൊഴിലാളി ലേല ഹാൾ നിർമ്മാണം- പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ കിഴിവ് നടത്താതിരുന്നത് മൂലം അധിക തുക നൽകി | 3-12 |
| 26 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 3-13 |
| ഭാഗം-4 | | |
| 27 | വാർഷിക കണക്ക് പരിശോധന | 4-1 |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 01.03.2016 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 7,50,70,500 | 7,84,22,000 |
| വാർഷിക കണക്ക് പ്രകാരം (RP പത്രിക പ്രകാരം) | 2,62,09,781 | 2,62,06,376 |

പ്രതീക്ഷിത വരവ്-ചെലവ് കണക്കുകളും യഥാർത്ഥ വരവ്-ചെലവ് കണക്കുകളും തമ്മിൽ സാരമായ വ്യത്യാസമുള്ളതായി കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ -214 അനുശാസിക്കുംപ്രകാരം യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 07.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധം 1- ആയി ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 8650746 | 6134082 | 70.91 |
| വികസനഫണ്ട് എസ്.സി.പി. | 2197455 | 1168715 | 53.18 |
| വികസനഫണ്ട് ടി.എസ്.പി. | 10086 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 6447450 | 1217628 | 18.89 |

| | | | |
|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2554755 | 689377 | 26.98 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4850724 | 2861385 | 58.99 |
| പെർഫോമൻസ് ഗ്രാന്റ് | 2540612 | 0 | 0 |
| ബി ഫണ്ട് | 20526260 | 20526260 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 22420911 (മുന്നിരിപ്പ് 67831/- രൂപ ഉൾപ്പെടെ) | 22488442 (നീക്കിയിരിപ്പ് 300/- രൂപ) | 94.06 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 133 | 52 | 0 | 81 | 39.09 |

ആസൂത്രണം ചെയ്ത പ്രോജക്ടുകളിൽ, തൻവർഷം നടപ്പിലാക്കിയത് കേവലം 40 ശതമാനത്തിൽ താഴെയാണ്. ഇത് പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 110.68 ശതമാനം കൂടുതൽ ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം 2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1231274 | 1930152 | 698878 | 56.76 |
| നികുതിയേതര വരവുകൾ | 172060 | 112830 | (-)59230 | (-)34.42 |
| മറ്റ് വരവുകൾ | 79984 | 1082020 | 1002036 | 1252.8 |
| ആകെ | 1483318 | 3125002 | 1641684 | 110.68 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 185440 | 71 |
| കർഷകതൊഴിലാളി പെൻഷൻ | 9167140 | 996 |
| വിധവാപെൻഷൻ | 3757990 | 317 |
| വാർദ്ധക്യകാലപെൻഷൻ | 5930780 | 615 |
| വികലാംഗപെൻഷൻ | 1254180 | 137 |
| അവിവാഹിതപെൻഷൻ | 98930 | 11 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 120000 | 4 |

ഗ്രാമപഞ്ചായത്ത് തൻവർഷം 2151 ഗുണഭോക്താക്കൾക്ക് ക്ഷേമ പദ്ധതികൾക്കായി 2,05,14,460/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.10.2017 ഉച്ച തിരിഞ്ഞ്3.30 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 6938/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നില്ല. ഫ്രണ്ട് ഓഫീസിലെ കമ്പ്യൂട്ടർ സംവിധാനം തകരാറിലായതിനു ശേഷം 07.09.2017 മുതൽ മാനുവലായാണ് പ്രവർത്തിച്ച് പോരുന്നത്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. പ്രധാന തനതു വരുമാനമായ വസ്തു നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയറിലെ പോരായ്മകൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്ററിൽ തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് വിവരം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക്-ഇൻ- രജിസ്റ്റർ, സ്റ്റോക്ക്-ഔട്ട് രജിസ്റ്റർ, അൺ സർവ്വീസബിൾ ഐറ്റംസ് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചതായി കാണുന്നില്ല.ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം

ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.08.2017 | 07/2017 | 17.09.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.08.2013 | 2012-2013 | 14.12.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ/സ്ഥാപന നികുതി/ഡി & ഓ അപാകതകൾ

പഞ്ചായത്തിന്റെ തൊഴിൽ/ സ്ഥാപന നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. സൌത്ത് ഇന്ത്യൻ ബാങ്ക് 2016-17 ലെ തൊഴിൽ നികുതിയും, സ്ഥാപന നികുതിയും അടച്ചിരുന്നില്ല. 02-06-17 ൽ പഞ്ചായത്തിൽ നിന്നും കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 29-06-2017 ലാണ് ബാങ്ക് നികുതികൾ അടച്ചത്. (തൊഴിൽ നികുതി 1250x6=7500, സ്ഥാപന നികുതി 1250x2=2500, ആകെ 10000/-രൂപ) എന്നാൽ നികുതികൾ യഥാസമയം അടയ്ക്കാതിരുന്നതിനാൽ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ട പിഴപ്പലിശ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 10) യ്ക്കുള്ള മറുപടിയിൽ വീഴ്ച അംഗീകരിക്കുകയും, ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.
2. ശ്രീ. അലിയാർ. പി.എം, വി.ഇ.ഒ.യുടെ ഒന്നാം അർദ്ധവാർഷിക വരുമാനം 1,30,800/- രൂപയാണ്. [(20000x6 = 120000) + (1800x6 = 10800) = 1,30,800/-] ഇതിനനുസൃതമായി ടിയാൻ അടയ്ക്കേണ്ടിയിരുന്ന തൊഴിൽ നികുതി 1250/- രൂപയാണ്. എന്നാൽ ടിയാൻ തൊഴിൽനികുതിയായി 1000/- രൂപ മാത്രമേ അടച്ചതായി കാണുന്നുള്ളൂ. 250/- രൂപ ടിയാനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. താഴെ പറയുന്ന സ്ഥാപനങ്ങൾ 2016-17 വർഷത്തെ സ്ഥാപന നികുതി അടച്ചതായി കാണുന്നില്ല.

   മാവേലി സ്റ്റോർ (2500/- രൂ.)

   നീലംപേരൂർ സർവ്വീസ് സഹകരണ സംഘം ലിമി. 1788 (2500/- രൂ.)

   ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10) ഈ സ്ഥപനങ്ങളിൽ നിന്നും സ്ഥാപന നികുതി

ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക 5000/- രൂ. ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4. ഡി & ഒ രജിസ്റ്റർ

പഞ്ചായത്തിൽ ഡി & ഓ രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ്, ഇവയുടെ ഡിസിബി എന്നിവ എഴുതി സൂക്ഷിക്കുന്നതായി കാണുന്നില്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9) ഇവ എഴുതി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-2 വസ്തു നികുതി നിർണ്ണയം - അപാകതകൾ

പഞ്ചായത്തിന്റെ വസ്തു നികുതി സംബന്ധിച്ച് തയ്യാറാക്കിയ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ കണ്ട അപാകത താഴെ ചേർക്കുന്നു.

1. കെട്ടിടത്തിന്റെ വിസ്തൃതി കുറവായി കണക്കാക്കി നികുതി നിർണ്ണയിച്ചു.

ശ്രീ. സിബി തോമസ്സ്, കുളങ്ങര, ചിങ്ങവനം, ഈര എന്നയാളുടെ 4/24 B നമ്പർ ഓഫീസ് കെട്ടിടത്തിന്റെ വിസ്തൃതി 30.85 എം.$^2$ ആണ്. ഈ കെട്ടിടത്തിന് അസസ് ചെയ്യേണ്ടിയിരുന്ന അടിസ്ഥാന നികുതി ച. മീ. ന് 40രൂപ പ്രകാരം 1234/- (30.85x40) രൂപയാണ്. ഇതിനനുസൃതമായി ടിയാനിൽ നിന്നും ഈടാക്കേണ്ട വസ്തു നികുതി, ലൈബ്രറി സെസ്, സേവന നികുതി എന്നിവയുൾപ്പെടെ 1421/- രൂപയാണ്. (അടിസ്ഥാന നികുതി 1240/-, ലൈബ്രറി സെസ്സ് 62/- രൂപ, സേവന നികുതി 125/- രൂപ, ആകെ 1421/- രൂപ)

എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഈ കെട്ടിടത്തിന്റെ വിസ്തൃതി 21 എം$^2$ എന്ന് രേഖപ്പെടുത്തി അടിസ്ഥാന നികുതി ച. മീ. ന് 40/- രൂപ പ്രകാരം 21 ച. മീ ന് 840/- രൂപയായി നിർണ്ണയിച്ച്, ലൈബ്രറി സെസ്സ്, സേവന നികുതി എന്നിവയുൾപ്പെടെ 966/- രൂപയാണ് (അടിസ്ഥാന നികുതി 840/-, ലൈബ്രറി സെസ്സ് 42/-, സേവന നികുതി 84/-രൂപ, ആകെ 966/- രൂപ) നികുതിയായി ഈടാക്കിയിരിക്കുന്നത്.

ഈ രീതിയിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം കുറവായി കണക്കാക്കി വസ്തു നികുതി കണക്കാക്കിയതിനാൽ, അടിസ്ഥാന കെട്ടിട നികുതി, ലൈബ്രറി സെസ്സ്, സേവന നികുതി എന്നീ ഇനങ്ങളിലായി ആകെ 455/- രൂപയുടെ (1421-966) കുറവായിട്ടുണ്ട്. ശരിയായ രീതിയിൽ നികുതി നിർണ്ണയിച്ച്, കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

2. കെട്ടിട നികുതി നിർണ്ണയിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 4/24C നമ്പർ 27 എം$^2$ വിസ്തീർണ്ണമുള്ള ഓഫീസാവശ്യത്തിനുള്ള കെട്ടിടം അസസ് ചെയ്ത് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. അടിസ്ഥാന നികുതി ച. മീ. ന് 40/- രൂപ പ്രകാരം 27 ച. മീ ന് 1080/- രൂപയാണ് അടിസ്ഥാന നികുതി, ലൈബ്രറി സെസ്സ്, സേവന നികുതി എന്നിവ (അടിസ്ഥാന നികുതി – 1080/-, ലൈബ്രറി സെസ്സ് – 54/- രൂപ, സേവന നികുതി – 108/- രൂപ, ആകെ 1242/- രൂപ) ഉൾപ്പെടെ ആകെ ഈടാക്കേണ്ട നികുതി 1242/- രൂപയാണ്.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18) മറുപടി

ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച്, തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 ദുരിതാശ്വാസ നിധിയും, ബാങ്ക് അക്കൌണ്ടുകളും നിർജ്ജീവാവസ്ഥയിൽ

പഞ്ചായത്ത് പ്രസിഡന്റിന്റെ പേരിൽ ദുരിതാശ്വാസനിധിയ്ക്കായി എസ്സ്ബിഐയിൽ തുടങ്ങിയ 1057093235-8 നമ്പർ അക്കൌണ്ടിൽ അവസാനമായി ട്രാൻസാക്ഷൻ നടന്നത് 25/09/2013 ൽ ആണ്. അന്നത്തെ മിച്ചം 6728/- . 25-03-2017 ൽ പലിശ സഹിതം അക്കൌണ്ടിൽ മിച്ചം നിൽക്കുന്ന തുക 7806/- രൂപയാണ്. ഈ അക്കൌണ്ടിൽ കഴിഞ്ഞ നാല് വർഷമായി ഒരു ഇടപാടുകളും നടന്നതായി കാണുന്നില്ല. കർഷകരും, സാധാരണക്കാരുമായ നിരവധി ആൾക്കാർ നിവസിക്കുന്ന പഞ്ചായത്തിൽ, അവർക്ക് ചെറിയ തോതിലെങ്കിലും സഹായം ചെയ്യാൻ കഴിയുന്ന ദുരിതാശ്വാസ നിധി വർഷങ്ങളായി നിർജ്ജീവാവസ്ഥയിൽ തുടരുന്നത് ശരിയായ നടപടിയല്ല.

അതുപോലെ എസ്സ്ബിഐയിൽ തന്നെയുള്ള ജീവധാര അക്കൌണ്ടിലും കഴിഞ്ഞ നാലു വർഷമായി ഇടപാടുകൾ നടക്കുന്നില്ല. 30-03-2017 ൽ ടി അക്കൌണ്ടിൽ മിച്ചം നിൽക്കുന്ന തുക 108818/- രൂപയാണ്.

കുട്ടനാട് പാക്കേജിനായുള്ള എസ്സ്ബിഐ അക്കൌണ്ടിലും അവസാനമായി ഇടപാടുകൾ നടന്നത് 30-03-2015 ലാണ്. മിച്ചം നിൽക്കുന്ന തുക 15,84,879/- രൂപ.

അക്കൌണ്ടുകൾ നിർജ്ജീവാവസ്ഥയിൽ തുടരുന്നതിന്റേയും, ദുരിതാശ്വാസനിധി പ്രവർത്തന രഹിതമായതിന്റേയും കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11 ന് മറുപടി ലഭ്യമാക്കിയില്ല. വിവരം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി ആസൂത്രണ-നിർവ്വഹണത്തിൽ സാരമായ വീഴ്ച- പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ 7.96 കോടി രൂപയായിരുന്നു. തൻവർഷം എല്ലായിനങ്ങളിലുമായി വിനിയോഗിക്കാൻ സാധിച്ചത് 1.15 കോടി രൂപ മാത്രമാണ് (14.40 %). ലോകബാങ്ക് ധനസഹായമായി വകയിരുത്തിയ 25,40,612/- രൂപയിൽ ഒരു രൂപ പോലും വിനിയോഗിക്കാൻ കഴിഞ്ഞില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്.പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി ആവിഷ്കരിച്ച ഏക പ്രോജക്ട് പോലും തൻവർഷം നടപ്പാക്കാൻ സാധിച്ചിട്ടില്ല.

1. മേഖല തിരിച്ചുള്ള 2016-17 -ലെ പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| ഉല്പാദനം | 13 | 10 | 5,35,62,373 | 22,87,164 |
| സേവനം | 57 | 32 | 1,36,88,671 | 67,75,595 |

| | | | | |
|---|---|---|---|---|
| പശ്ചാത്തലം | 63 | 10 | 1,23,02,918 | 24,93,705 |
| ആകെ | 133 | 52 | 7,95,53,962 | 1,15,56,464 |

2. വിവിധ വിഭാഗങ്ങൾക്കായുള്ള പദ്ധതി ആവിഷ്കരണത്തിന്റെയും നടപ്പാക്കിയതിന്റെയും വിശദാംശങ്ങൾ (2016-17)

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| പൊതു വിഭാഗം | 121 | 44 | 7,69,77,621 | 1,03,74,149 |
| പട്ടികജാതി വിഭാഗം | 11 | 8 | 25,55,255 | 11,82,315 |
| പട്ടികവർഗ്ഗ വിഭാഗം | 1 | 0 | 21,086 | 0 |
| ആകെ | 133 | 52 | 7,95,53,962 | 1,15,56,464 |

3. നിർവ്വഹണ ഉദ്യോഗസ്ഥർ -2016-17-ലെ പദ്ധതികളുടെ ചെലവ് ശതമാനം

| നിർവഹണം | ആകെ പദ്ധതികൾ | നടപ്പാക്കിയവ | നടപ്പാക്കാത്തവ | മൊത്തം അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 0 | 5,11,65,000 | 11,50,000 | *2.25 |
| വെറ്ററിനറി സർജൻ | 5 | 5 | 0 | 4,19,750 | 3,27,770 | 78.09 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 2 | 2 | 0 | 4,72,720 | 2,82,395 | 59.74 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 0 | 50,000 | 50,000 | 100 |
| മെഡിക്കൽ ഓഫീസർ ആയൂർവേദം | 2 | 2 | 0 | 4,69,755 | 4,56,732 | 97.23 |
| വി.ഇ.ഒ. | 12 | 7 | 5 | 48,59,800 | 18,47,900 | 38.02 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 0 | 29,96,305 | 25,07,121 | 83.67 |
| ഹെഡ്മാസ്റ്റർ എൽ.പി.എസ് | 5 | 3 | 2 | 5,76,157 | 4,51,815 | 78.42 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 78 | 10 | 68 | 1,37,73,815 | 19,09,840 | 13.87 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 95,000 | 45,414 | 47.8 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 1 | 20,82,800 | 9,26,400 | 44.48 |

| | | | | | | |
|---|---|---|---|---|---|---|
| സെക്രട്ടറി | 12 | 7 | 5 | 25,92,860 | 16,01,077 | 61.75 |
| ആകെ | 133 | 52 | 81 | 7,95,53,962 | 1,15,56,464 | 14.53 |

(*ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിച്ചതിനാൽ ടി ഇനത്തിലെ കണക്കുകൾ ലഭ്യമല്ല. പ്ലാൻഫണ്ട് ചെലവ് മാത്രമാണ് കണക്കിലെടുത്തിട്ടുള്ളത്)

4. ചെലവഴിക്കാതിരുന്നതിനാൽ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ പോയ തുകയുടെ വിശദാംശം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 86,50,746 | 61,34,082 | 25,16,664 |
| വികസനഫണ്ട് എസ്.സി.പി. | 21,97,455 | 11,68,715 | 10,28,740 |
| വികസനഫണ്ട് ടി.എസ്.പി. | 10,086 | 0 | 10,086 |
| സംരക്ഷണഗ്രാന്റ് റോഡ് | 64,47,450 | 12,17,628 | 52,29,822 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 25,54,755 | 6,89,377 | 18,65,378 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 48,50,724 | 28,61,385 | 19,89,339 |
| പെർഫോമൻസ് ഗ്രാന്റ് | 25,40,612 | 0 | 25,40,612 |
| | | ആകെ | 1,51,80,641 /- |

പദ്ധതി നിർവ്വഹണത്തിൽ സാമ്പത്തിക ലക്ഷ്യവും ഭൗതീക ലക്ഷ്യവും കൈവരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ഈ ലക്ഷ്യം മുൻനിർത്തി ആസൂത്രണ/നിർവ്വഹണ നടപടികൾ കാര്യക്ഷമമാക്കേണ്ടതുമാണ്.

തൻവർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും പൂർത്തീകരിച്ച പ്രോജക്ടുകളുടെ മോണിറ്ററിങ്ങ് നടപടികളിലും വിവിധ വിഷയങ്ങളുടേതായി രൂപീകരിച്ചിട്ടുള്ള പ്രവർത്തനക്കമ്മറ്റികളുടെ വേണ്ടത്ര ഇടപെടൽ ഉണ്ടായിട്ടില്ലയെന്ന് ഇവയുടെ മിനിറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഞ്ചായത്ത് തലത്തിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ അതാത് വർക്കിങ്ങ് ഗ്രൂപ്പുകളുടെ കൺവീനർ എന്ന ചുമതല ശരിയായ വിധം നിർവ്വഹിക്കുന്നതായി കാണുന്നില്ല. 2016-17 വർഷത്തെ കരട് പദ്ധതികൾ ചർച്ച ചെയ്ത് അന്തിമ പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനായി വികസനസെമിനാർ യോഗം 16.06.16 ൽ ചേർന്നതിൽ 127 പേർ പങ്കെടുത്തതായി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പതിവ് രീതിയിലുള്ള ചില പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 17.10.2016-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പിൽ യോഗത്തിൽ 112 പേർ പങ്കെടുത്തിട്ടുണ്ടെങ്കിലും പ്രോജക്ട് നിർദ്ദേശങ്ങളും മറ്റും നൽകിയിട്ടില്ലെന്ന് കാണുന്നു. വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ അവരവരുടെ മേഖലയിൽപ്പെട്ട ഗുണഭോക്താക്കളുടെ മുൻഗണനക്രമത്തിൽ അപേക്ഷ സ്വീകരിച്ച് തുടർനടപടി കൈക്കൊള്ളാനാണ് യോഗം കൂടിയിട്ടുള്ളത്.

തൻവർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകളിൽ ബഹുഭൂരിപക്ഷവും അസിസ്റ്റന്റ് എഞ്ചിനീയർ

നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളായിരുന്നു. ഇതിൽതന്നെ കൂടുതലും മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വകയിരുത്തി നടപ്പിലാക്കിയ 20000/- രൂപ മുതൽ മുതൽ 4 ലക്ഷം രൂപ വരെ അടങ്കൽ നിശ്ചയിച്ചിരുന്ന റോഡുകളുടേയും ഇടവഴികളുടേയും നിർമ്മാണ പ്രവൃത്തികളായിരുന്നെങ്കിലും കേവലം 6 പ്രവൃത്തികൾക്ക് മാത്രമാണ് ടി ഇനത്തിൽ തൻവർഷം ചെലവുണ്ടായിട്ടുള്ളത് .കുടിവെള്ള ക്ഷാമം രൂക്ഷമായ പഞ്ചായത്തിലെ എസ്.സി. കോളനികൾക്കായി തൻവർഷം 2 ശുദ്ധജല വിതരണ പ്രോജക്ടുകൾ ആസൂത്രണം ചെയ്തുവെങ്കിലും നടപ്പാക്കിയില്ല.കൃഷി ഓഫീസർ നെൽവിത്ത് സബ്സിഡി, നെൽവിത്ത്-വളം സബ്സിഡി വിതരണത്തിനായുള്ള 2 പ്രോജക്ടുകൾ മാത്രമാണ് ഏറ്റെടുത്തത്. വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്ന്യാസം മാത്രം സാധ്യമാവുന്ന വിധമുള്ള പ്രോജക്ടുകളാണ് സേവന മേഖലയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ളത്. സുസ്ഥിര വികസനം എന്ന ആശയം നടപ്പിലാവുന്ന വിധം പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കാവുന്നതാണ്. ഫണ്ട് കൈമാറൽ പ്രേജക്ടുകളുടേയും നിക്ഷേപ പ്രവൃത്തികളുടേയും ഭൗതീകനേട്ടം വിലയിരുത്തുന്നതിന് വിശദമായ മൂല്യനിർണ്ണയ/വിനിയോഗ വിവരങ്ങൾ ആവശ്യമാണെങ്കിലും ഇവ ലഭ്യമാക്കുന്നതിലും മോണിറ്ററിങ്ങ് നടത്തുന്നതിലും വീഴ്ച്ച ഉണ്ടായിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അഗതി-ആശ്രയ ഗുണഭോക്താക്കൾക്കായി വീട് നിർമ്മാണത്തിനായി സ്ഥലം വാങ്ങുന്നതിനായി പ്രോജക്ട് രൂപീകരിച്ചെങ്കിലും നടപ്പാക്കിയില്ല. ആയതിനാൽ ഭൗതീകനേട്ടം ഉണ്ടായിട്ടില്ല.

വാർഷിക പദ്ധതിയിൽ എടുത്തുപറയാവുന്നതും ശ്രദ്ധേയമായ നേട്ടം കൈവരിച്ചതുമായ പ്രോജക്ടുകൾ ഒന്നും തന്നെ ഉൾപ്പെട്ടതായി കാണുന്നില്ല. വാർഷിക പദ്ധതി ആസൂത്രണ നിർവ്വഹണ പ്രക്രിയകൾ സുസ്ഥിര വികസനം എന്ന ആശയത്തിലൂന്നി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 3-2 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ -ചെലവു തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുതുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം. | ചെലവഴിച്ച തുക | ബിൽ നം. / തീയതി | റിമാർക്സ് |
|---|---|---|---|
| 25 /17 | 1,00,000 | 10 /16-1/27-10-16 | ജില്ലാ പ്ളാനിംഗ് ഓഫീസ് - കെട്ടിട നിർമ്മാണ വിഹിതം നൽകിയത്. |
| 54/17 | 2,00,000 | 11/16-17/27-10-16 | എ.ബി.സി. പ്രോഗ്രാമിനു നൽകിയത്. |
| 148/17 | 5,00,000 | 21/16-17/25-03-17 | സാമൂഹ്യ സുരക്ഷാമിഷൻ വിഹിതം നൽകിയത്. |

വിശദമായ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 15/ 13-10-17) മറുപടി ഹാജരാക്കിയില്ല.വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ ചെലവു തുക 8,00,000/- രൂപ (3,00,000+5,00,000) തടസ്സപ്പെടുത്തുന്നു.

## 3-3 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം-ചെലവ് രേഖകൾ ലഭ്യമല്ല

മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കായി 02.6.2016 ലെ 22/06-ാംനമ്പർ വൗച്ചർ പ്രകാരം 13 വാർഡുകളിലേക്കായി 1,30,000/-രൂപ (13x 10000)മെഡിക്കൽ ഓഫീസർ പി എച്ച് സി യ്ക്ക് നൽകിയിട്ടുണ്ട്. NRHM വാർഡുതല ആരോഗ്യ ശുചിത്വ കമ്മിറ്റിയുടെ എസ്.ബി.റ്റി, കാവാലം ബ്രാഞ്ചിലെ 13 അക്കൗണ്ടുകളിലേയ്ക്ക് നൽകണമെന്ന മെഡിക്കൽ ഓഫീസർ പി.എച്ച്.സി. യുടെ കത്തിന്റെ അടിസ്ഥാനത്തിൽ തുക ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. 23.5.2016ലെ സർക്കാർ ഉത്തരവ് (സാധാ) നം.1724/2016/തസ്വഭവ പ്രകാരം 2016-17 ലെ ശുചിത്വമിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തിരികെ വകയിരുത്താമെന്ന നിബന്ധനയിൽ മഴക്കാലത്തിന് മുൻപായി ഗ്രാമപഞ്ചായത്തുകൾ അവർക്ക് ലഭ്യമാക്കിയ പദ്ധതി വിഹിതത്തിൽ നിന്നോ തനതുഫണ്ടിൽ നിന്നോ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം നടത്തേണ്ടതാണ്. മേൽ പറഞ്ഞ തുക ശുചിത്വമിഷൻ ഫണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ അടച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചും 13 വാർഡുകളിലേക്കായി നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം/ചെലവ് വിവരങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16/13.10.2017) മറുപടി ലഭ്യമാക്കിയില്ല. അപാകതയുടെ അടിസ്ഥാനത്തിൽ ചെലവ് തുക 1,30,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-4 എസ്.എസ്. എ. -വിനിയോഗ രേഖകൾ ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2016-17 സാമ്പത്തിക വർഷം എച്ച്. എം. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റാണ് എസ്.എസ്.എ. വിഹിതം നൽകൽ. വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്റ്റ് നം. : 22/17(എസ്.എസ്. എ. വിഹിതം നൽകൽ)

അടങ്കൽ: 3,00,000/-(വികസന ഫണ്ട് - എസ്.സി.പി)

ചെലവ് : 3,00,000/- (ബിൽ നം. 01/16-17 തീ:15.11.16 (ഡി.ഡി.നം. 938302/16.11.2016)

പ്രോജക്റ്റ് പരിശോധിച്ചതിൽ നീലംപേരൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള സർക്കാർ സ്കൂളുകളിൽ എസ്. എസ്.എ. നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വാർഷിക ബജറ്റ് പ്ളാൻ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ 35% വിഹിതത്തിന്റെ ചെലവ് പത്രിക, വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. അപാകതയിന്മേൽ രേഖകളും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 08/13.10.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 3,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങളിൽ അവ്യക്തത-രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

പാലിയേറ്റീവ് കെയറിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്കായി 2016-17 ൽ 2,62,395/- രൂ. ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ പാലിയേറ്റീവ് കെയറിന് മരുന്നോ, ഉപകരണങ്ങളോ വാങ്ങുന്നതിനായി ഒരു രൂപ പോലും ചെലവഴിച്ചതായി കാണുന്നില്ല. എന്ത് കൊണ്ടാണ് പ്രോജക്ടിൽ ഉൾപ്പെടുത്തി മരുന്നുകൾ വാങ്ങാതിരുന്നതെന്നും പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾക്കായി മരുന്ന് എവിടെ നിന്ന് ലഭ്യമായിട്ടുണ്ട് എന്നത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറി നം. 13 ന് യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. കൃത്യമായി ഹോണറേറിയം കൈപ്പറ്റിയതിന്റേയും, വണ്ടി വാടക നൽകിയതിന്റേയും വൌച്ചറുകൾ ഫയലിലുണ്ട്. എന്നാൽ വാഹനസൌകര്യം ലഭ്യമല്ലാത്ത പല വാർഡുകളും പഞ്ചായത്തിലുണ്ട്. അവിടെയൊക്കെ പാലിയേറ്റീവ് പ്രവർത്തനം എങ്ങനെ നടത്തിയെന്നതിനെ സംബന്ധിച്ച് രേഖകളൊന്നുമില്ല. ഗൃഹസന്ദർശനം സംബന്ധിച്ച് എഴുതുന്ന രജിസ്റ്ററും അപൂർണ്ണമാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 പി.എച്ച്.സി.യ്ക്ക് മരുന്നു വാങ്ങൽ - രേഖകൾ ലഭ്യമല്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്നു വാങ്ങൽ പ്രോജക്ട് (നം. S0008/17) പ്രകാരം 20,000/- രൂപ (ബിൽ നം. എംപി-01/16-17/ 30-03-2017) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയതായി രേഖകളിൽ നിന്നും വ്യക്തമാകുന്നുണ്ട്. എന്നാൽ മരുന്ന് ലഭിച്ചതിന്റെ വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12 ന് മറുപടിയും ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.

## 3-7 മുഴുവൻ തുകയ്ക്കുള്ള ആയുർവേദ മരുന്ന് നാളിതുവരെയായും ലഭ്യമായിട്ടില്ല.

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ആയുർവേദ ഡിസ്പൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര നം. | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ബിൽ നം./ തീയതി | ലഭിച്ച മരുന്ന് (തുകയിൽ ) | ശേഷിക്കുന്ന മരുന്ന് (തുകയിൽ) |
|---|---|---|---|---|---|
| 1 | ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ (S0011/17) അടങ്കൽ:399755/- | 2,00,000/- | (i)01/16-17/ 17.11.16 | 2,00,000 | 0 |
| | | 1,99,755/- | (ii)04/16-17/ 27.3.17 | 68626/- | 1,31,129/- |
| | ആകെ | 3,99,755/- | | 2,68,626/- | 1,31,129/- |

06.04.2017-ൽ ഔഷധിയുമായി ഏർപ്പെട്ട കരാർ പ്രകാരം ഓർഡർ ചെയ്ത മരുന്ന് 60 ദിവസത്തിനുള്ളിൽ സ്ഥാപനം ലഭ്യമാക്കേണ്ടതാണെന്നും ലംഘിക്കുന്ന പക്ഷം നിയമാനുസൃത നഷ്ട പരിഹാരം ഔഷധി നൽകേണ്ടതാണെന്നും

വ്യവസ്ഥ ചെയ്തിട്ടും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആരാഞ്ഞു നൽകിയ ഓഡിറ്റന്വേഷണത്തിന്( നം. 03/11.10.2017) 1,31,129/- രൂപയുള്ള മരുന്ന് കിട്ടാനുള്ളത് സംബന്ധിച്ച് ഔഷധി അധികൃതരുമായി ഡി.എം.ഒ തലത്തിൽ ചർച്ച നടത്തിയിട്ടുണ്ടെന്നും താമസംവിനാ ലഭ്യമാക്കും എന്ന് ഉറപ്പ് സ്ഥാപനത്തിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കുകയുണ്ടായി. എന്നാൽ ഇതുവരെയും ആയുർവേദ ആശുപത്രിയിൽ മരുന്ന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1,31,129/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 IAY അധിക സഹായം -ജനറൽ - 4 ഗുണഭോക്താക്കൾക്കു വേണ്ടി പിൻവലിച്ച 80000 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു

പ്രോജക്ട് നം : 139 /1 7

നിർവ്വഹണം :വി.ഇ.ഓ

IAY അധിക സഹായം ജനറൽ എന്ന പദ്ധതിയിൽ 6 ഗുണഭോക്താക്കൾക്കായി 120000/- രൂപ (ബിൽ നം 12/16-17, തീയതി : 25-01-17) പിൻവലിച്ചിട്ടുണ്ട്. പിൻവലിച്ച തുകയിൽ രണ്ടു ഗുണഭോക്താക്കൾക്കായി 40000/- രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. 80000/- രൂപ ചെലവഴിക്കാതെ വി.ഇ.ഒ. യുടെ അക്കൌണ്ടിൽ അവശേഷിക്കുന്നു. പിൻവലിച്ച തുക ചെലവഴിക്കാതിരുന്നതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 4/12-10-17) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ, എഗ്രിമെന്റ് വച്ച 4 ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിക്കാത്തതിനാലാണ് 80000/- രൂപ ചെലവഴിക്കാതിരുന്നതെന്നും ടി തുക തിരികെ അടവാക്കുന്നതാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. ചെലവഴിക്കാത്ത തുക തിരിച്ചടച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-9 വീട് പുനരുദ്ധാരണം -എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ,അളവുകൾ രേഖപ്പെടുത്താത്ത വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും സബ്സിഡി അനുവദിക്കുന്നു.

2016-17 വർഷം വീടു പുനരുദ്ധാരണത്തിനായി രണ്ടു പദ്ധതികൾ നടപ്പിലാക്കിയിരുന്നു.രണ്ടു പദ്ധതികളിലായി ഗുണഭോക്താക്കൾക്കു ആനുകൂല്യം നൽകിയിട്ടുണ്ട്.രേഖകൾ പരിശോധിച്ചതിൽ നിന്നും, അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല എന്നു കാണുന്നു. ചെയ്ത പ്രവർത്തികളുടെ അളവുകൾ രേഖപ്പെടുത്താതെ, പ്രവൃത്തിയുടെ ആകെ മൂല്യം മാത്രം രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്കു സബ്സിഡി അനുവദിച്ചിട്ടുള്ളത് .ജി.ഓ.(എം.എസ്) 4/16 ത.സ്വ.ഭ.വ/ 11.01.16 അനുസരിച്ചുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ഭവന പുനരുദ്ധാരണ പ്രവർത്തികളുടെ എസ്റ്റിമേറ്റ് ഗുണഭോക്താവ് തയ്യാറാക്കണമെന്നും, സാങ്കേതിക വിഭാഗം മെഷർമെന്റ് എടുത്തതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നൽകണമെന്നും പരാമർശിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 14/13-10-17), എഞ്ചിനീയറിംഗ്

വിഭാഗത്തിൽ നിന്നും വിശദമായ വാല്യുവേഷൻ ലഭ്യമായില്ലായെന്നും, ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ് ഇപ്രകാരമുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക ചെലവഴിച്ചിട്ടുള്ളതെന്നും, വരും വർഷങ്ങളിൽ ഈ ന്യൂനത ഒഴിവാക്കുന്നതിനാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ഹാജരാക്കി.

പദ്ധതി നിർവ്വഹണത്തിൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശ്ശങ്ങൾ കർശനമായി പാലിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തേണ്ടതാണ്.ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 നാരകത്ര ജലസേചന പദ്ധതി- നിർമ്മാണ പ്രവർത്തനങ്ങളിൽ നിയമപരമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

വാർഡ് 9-ലെ നാരകത്ര കണ്ണാട്ട് പ്രദേശത്ത് താമസിക്കുന്ന 30 ലധികം കുടുബങ്ങൾക്ക വേണ്ടിയുള്ളതാണ് നാരകത്ര ജലസേചന പദ്ധതി. ഗുണഭോക്തൃസമിതിയുടെ മിനിറ്റ്സിൽ കരീത്തോട്ടിൽ നിന്നും ജലമെടുത്ത് വീടുകളിൽ എത്തിക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചതെന്ന് കാണുന്നു. പ്രോജക്ട് 158/17 ആയി 165000/-രൂപ വകയിരുത്തി (വികസന ഫണ്ട് - 127830 ; തനത് ഫണ്ട് – 37170) 2016-17-ൽ 35577/- രൂപ ചെലവഴിച്ചിട്ടുണ്ട്. അളവ് പുസ്തകം പരിശോധിച്ചതിൽ (എം. ബുക്ക് നം. 29/16-17 പേജ് നം. 08) 30.03.2017-ൽ പണി പൂർത്തിയാക്കിയതായി കാണുന്നു. CC 1st & Final Bill പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 163407/- രൂപയാണ് (എം. ബുക്ക് പേജ് നം. 13) സൈറ്റ് പ്ലാൻ പ്രകാരം തോടിനു സമീപമുള്ള സ്ഥലത്താണ് വാട്ടർ ടാങ്ക് നിർമ്മിക്കാനായി ഉദ്ദേശിക്കുന്നതെന്ന് കാണുന്നു. ടി സ്ഥലം പഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതായുള്ള രേഖകൾ ലഭ്യമല്ല. സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ് വാട്ടർ ടാങ്ക് നിർമ്മിച്ചതെങ്കിൽ പ്രസ്തുത സ്ഥലം ഭൂ ഉടമ പഞ്ചായത്തിന് കൈമാറിയതായോ അല്ലെങ്കിൽ ഉടമസ്ഥനിൽ നിന്നുള്ള സമ്മത പത്രം, കരാർ എന്നീ രേഖകളോ ഉറപ്പു വരുത്തിയിട്ടു വേണം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കേണ്ടിയിരുന്നത്. ഇപ്രകാരമുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. ടി വിഷയത്തിൽ നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. നിർമ്മാണ പ്രവൃത്തികളിൽ നിയമ പരമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 3-11 ബഡ്സ് സ്കൂൾ നിർമ്മാണം- ചുറ്റുമതിലിന്റെ പ്ലാസ്റ്ററിംഗിൽ അധിക ചെലവ്

8-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ബഡ്സ്കൂൾ നിർമ്മാണത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പൊട്ടിപ്പൊളിഞ്ഞ് അപകടാവസ്ഥയിലായ ചുറ്റുമതിൽ പൊളിച്ചു മാറ്റി പുതിയ മതിൽ നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം എക്സ്ട്രാ ഇനം 4,5,6,7,10 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം ചുറ്റുമതിലിന്റെ നീളം 38.65 മീറ്ററും ഉയരം 1.35 മീറ്ററും ആയാണ് സോളിഡ് ബ്ലോക്ക് മേസൺറി പ്രവൃത്തി ( 30x20x15cm) ചെയ്തിട്ടുള്ളത്.വിശദാംശം താഴെ കൊടുക്കുന്നു (എം. ബുക്ക് നം. 24/15-16 പേജ് നം.36)

| Providing and laying cement concrete block masonry 30x20x15 cm in S/S above plinth level in C M 1:6 | No | L | B | D | Contents |
|---|---|---|---|---|---|
| Pillars | 9 | 0.20 | 0.30 | 1.35 | 0.73 |
| Compound wall | 1 | 38.65 | 0.20 | 1.35 | 10.43 |
| | | | | Total | 11.16 |

എന്നാൽ പ്രസ്തുത മതിലിന്റെ പ്ലാസ്റ്ററിംഗിൽ അധിക അളവിന് തുക അനുവദിച്ചതായി കാണുന്നു. (എം.ബുക്ക് പേജ് നം. 38,39)

| Plastering with CM 1:4 12 mmthick (fine Snad) floated hard and trowelled smooth | No | L | B | D | Area |
|---|---|---|---|---|---|
| Outer side of the compund wall | 1 | 40.65 | | 1.35 | 54.88 |
| Inner side of the compound wall | 1 | 40.25 | | 1.35 | 54.33 |
| Pillar projections | 9x2 | | 0.10 | 1.35 | 2.43 |
| Top of the compound wall | 1 | 40.45 | 0.20 | | 8.09 |
| Top of pillar projections | 9 | 0.20 | 0.10 | | 0.18 |
| | | | | Total | 119.91 |

അനുവദനീയമായ അളവ് താഴെ കൊടുക്കുന്നു.

| Plastering with CM 1:4 12 mmthick (fine Snad) floated hard and trowelled smooth | No | L | B | D | Area |
|---|---|---|---|---|---|
| Outer side of the compund wall | 1 | 38.65 | | 1.35 | 52.18 |
| Inner side of the compound wall | 1 | 38.65 | | 1.35 | 52.18 |
| Pillar projections | 9x2 | | 0.10 | 1.35 | 2.43 |
| Top of the compound wall | 1 | 38.65 | 0.15 | | 5.79 |

| | | | | | |
|---|---|---|---|---|---|
| Top of pillar projections | 9 | 0.20 | 0.10 | | 0.18 |
| | | | | Total | 112.76 |

(30x20x15cm) സോളിഡ് ബ്ലോക്ക് മേസൺറി ചെയ്ത യഥാർത്ഥത്തിലുള്ള അളവ് പരിഗണിക്കാതെ എസ്റ്റിമേറ്റളവിലെ പ്ലാസ്റ്ററിംഗ് വിസ്തീർണ്ണത്തിനനുസൃതമായി തുക നൽകിയതിന് ( 119.91 m2 @ 206.95/m2) വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (07/13.10.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

അനുവദിച്ച തുക= 119.91 m2 @ 206.95/m2 = 24815.37

അർഹമായ തുക = 112.76 m2 @206.95/m2 =23335.68

അധികം അനുവദിച്ചത് = 1479/- രൂപ.

അധികം അനുവദിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

*<u>മറ്റ് വിവരങ്ങൾ</u>*

*പ്രോ നം. - 116/16*

*അടങ്കൽ - 655000/-(വികസന ഫണ്ട്)*

*സ്പിൽ ഓവർ നം. - 58/17*

*അടങ്കൽ – 397083/-(വികസന ഫണ്ട്)*

*ചെലവ് -383428/- ((i)ബിൽ നം.07/16-17/30.03.17- 242083/-*

*(ii)ബിൽ നം.08/16-17/30.03.17-141345/-)*

*കൺവീനർ - വി.കെ. ബിനീഷ്*

*കരാർ നം. - 22/AE/LSGD/NPR/16-17/23.02.16*

*അളവ് പുസ്തകം - 24/15-16*

## 3-12 <u>മത്സ്യത്തൊഴിലാളി ലേല ഹാൾ നിർമ്മാണം- പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ കിഴിവ് നടത്താതിരുന്നത് മൂലം അധിക തുക നൽകി</u>

മത്സ്യത്തൊഴിലാളി ലേല ഹാൾ നിർമ്മാണം എന്ന പ്രോജക്ട് നിർവ്വഹണത്തിൽ കരാറുകാരനിൽ നിന്നും ടെണ്ടർ വ്യതിയാനം കിഴിവ് ചെയ്യാതിരുന്നതു മൂലം അധിക തുക നൽകാനിടയായി. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. - 184/16

അടങ്കൽ - 3,44,464/-(വികസന ഫണ്ട് ധന കാര്യ കമ്മീഷൻ ഗ്രാന്റ്)

ഒന്നാം പാർട്ട് ബിൽ പ്രകാരം പ്രവൃത്തി മൂല്യം - 85,595/-

ചെലവ് - ഡി.ഡി നം./ തീയതി – 472917/30.04.16

സ്പിൽ ഓവർ പ്രോജക്ട് നം. - 67/17

അടങ്കൽ - 258869/- (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 237732/- (ബിൽ നം. 02/16-17 തീ:13.03.17)

കരാറുകാരൻ - വി. ഡി. സനൽകുമാർ, വാലുപറമ്പിൽ

ടെണ്ടർ വ്യതിയാനം - 7.999% Below Estimate Rate

കരാർ നം. - 17/AE/LSGD/NLPR/15-16 തീ:30.11.2015

എന്നാൽ ബില്ലുകളിൽ നിന്നും ടെണ്ടർ വ്യതിയാനം (-)7.999% കുറയ്ക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

ഒന്നാം പാർട്ട് ബില്ല് പ്രകാരമുള്ള പ്രവൃത്തി മൂല്യം 85,595/-

| | യഥാർത്ഥത്തിൽ കണക്കാക്കേണ്ടിയിരുന്നത് | എം. ബുക്ക് നം. 17/15-16 (പേജ് നം.08,09) RA Billപ്രകാരം അനുവദിച്ചത് | അധിക റിക്കവറിയുടെ ഇന വിവരം |
|---|---|---|---|
| ടെണ്ടർ കിഴിവ് (7.999%) | 6847 | - | |
| ആകെ മൂല്യം | 78748 | 85595 | |
| മൂല്യവർദ്ധിത നികുതി(4%) | 3150 | 3424 | 274 |
| ആദായ നികുതി (1%) | 787 | 856 | 69 |
| കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ്.(1%) | 787 | 856 | 69 |
| റീടെൻഷൻ (10%) | 7875 | 8560 | 685 |

| | | | | |
|---|---|---|---|---|
| | | | | കരാറുകാരന് അധികം നൽകിയ തുക (CC 1st & Part Bill) |
| കരാറുകാരന് നൽകേണ്ടിയിരുന്ന തുക | 66149/- | കരാറുകാരന് നൽകിയ തുക | 71899/- | 5750/- |

ഫൈനൽ ബിൽ പ്രകാരമുള്ള പ്രവൃത്തി മൂല്യം – 237732/- (ഒന്നാം പാർട്ട് ബിൽ തുക കിഴിച്ച്)

| | യഥാർത്ഥത്തിൽ കണക്കാക്കേണ്ടിയിരുന്നത് | എം.ബുക്ക് 27/15-16 (പേജ് നം. 14,16,RA Bill) പ്രകാരം അനുവദിച്ചത് | അധിക റിക്കവറിയുടെ ഇന വിവരം |
|---|---|---|---|
| ടെണ്ടർ കിഴിവ് (7.999%) | (-) 19016 | - | - |
| ആകെ മൂല്യം | 218716 | 237732 | - |
| മൂല്യവർദ്ധിത നികുതി(4%) | 8749 | 9509 | 760 |
| ആദായ നികുതി (1%) | 2187 | 2377 | 190 |
| കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ്.(1%) | 2187 | 2377 | 190 |

| | | | | |
|---|---|---|---|---|
| | | | | കരാറുകാരന് അധികം നൽകിയ തുക (CC 2nd & Final Bill) |
| കരാറുകാരന് നൽകേണ്ടിയിരുന്ന തുക | 205593 + (റീടെൻഷൻ) 8560 = 214153 | കരാറുകാരന് നൽകിയ തുക | 223469 | 9316/- |

ഇപ്രകാരം അധികം തുക നൽകിയതിനും കരാറുകാരന് ഫൈനൽ ബിൽ പ്രകാരം നൽകിയ തുകയുടെ വിശദാംശങ്ങളും ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 05/12.10.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.കൂടാതെ കരാറുകാരനിൽ നിന്ന് വസൂലാക്കിയ റീടെൻഷൻ തുക റിലീസ് ചെയ്തതായും

കാണുന്നില്ല. അധികം നൽകിയ തുക 15,066/- രൂപ (5750+9316) നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നു.

## 3-13 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

ഗ്രാമ പഞ്ചായത്തിലെ 2016-17 വർഷത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധിച്ചതിൽ പദ്ധതികൾ പ്രധാനമായും നടത്തിയത് കാർഷിക-ജലസംരക്ഷണ അനുബന്ധ മേഖലകളിലാണ്. നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) രജിസ്ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 55 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1824 |
| തൊഴിലിന് അപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1308 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1308 |
| ആകെ പ്രവൃത്തി ദിനങ്ങൾ | 63758 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 22 |

(2) ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ (2016-17)

| | |
|---|---|
| തൻവർഷം ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 267 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 267 |
| തൻവർഷം പൂർത്തിയാക്കിയത് | 259 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 8 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | - |
| തൻവർഷം പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം | 97% |

(3) വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | വെള്ളപ്പൊക്ക നിവാരണം | 2 | 87301 |
| 2 | ദുർബല വിഭാഗങ്ങളുടെ ഭൂമിയിലെ മണ്ണ്, ജല സംരക്ഷണം | 14 | 1757194 |
| 3 | ഭൂവികസനം | 84 | 15818907 |
| 4 | വ്യക്തിഗത ശുചിമുറി നിർമ്മാണം | 41 | 492000 |
| 5 | വീട് നിർമ്മാണം | 28 | 457920 |
| 6 | കമ്പോസ്റ്റ് പിറ്റ് നിർമ്മാണം | 90 | 587560 |
| 7 | മത്സ്യകൃഷി | 1 | 70132 |
| 8 | വാച്ചാൽ ആഴപ്പെടുത്തൽ | 1 | 39360 |
| 9 | കളിസ്ഥലം നിർമ്മാണം | 1 | 293619 |
| 10 | വനവത്കരണം (നേഴ്സറി) | 3 | 407703 |

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ) ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണിത്. എന്നാൽ തൊഴിലപേക്ഷ നൽകിയ മുഴുവൻ കുടുബങ്ങൾക്കും 100 തൊഴിൽ ദിനങ്ങൾ നൽകാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 98% കുടുംബങ്ങൾക്കും 100 തൊഴിൽ ദിനങ്ങൾ നൽകാൻ സാധിച്ചില്ല. 267പദ്ധതികളിലായി 191.4285 ലക്ഷം രൂപയാണ് ഈ വർഷം വേതനം നൽകുന്നതിനായി ചെലവഴിച്ചത്. തൊഴിലിനപേക്ഷിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും 100 തൊഴിൽ ദിനങ്ങളെങ്കിലും ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധന

ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 64,69,990/- |
| വരവ് | : | 2,62,09,781/- |
| ആകെ | : | 3,26,79,771/- |
| ചെലവ് | : | 2,62,06,376/ |
| നീക്കിയിരിപ്പ് | : | 64,73,395/- |

*റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.*

1. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിനായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച 101500/- രൂപ RP-31 ൽ രേഖപ്പെടുത്തിയിട്ടില്ല.
2. വസ്തു നികുതി, തൊഴിൽനികുതി, വാടക എന്നീ ഇനങ്ങളിൽ തൻവർഷം കുടിശ്ശിക വരവ് 2015-16 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 ലെ ടിയിനങ്ങളിലുള്ള കുടിശ്ശിക തുകകളെക്കാൾ കൂടി നിൽക്കുന്നു.
3. വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ തൻവർഷത്തെ ആകെ ഡിമാന്റ്, കളക്ഷൻ തുകകൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വരവിനങ്ങളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

II.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റെയും വ്യയത്തിന്റെയും സംക്ഷിപ്തം താഴെപ്പറയുന്നു.

| | | |
|---|---|---|
| ആദായം | : | 6,38,42,898/- |
| (-) വ്യയം | : | 6,65,15,812/- |
| (-) പ്രയർ പീരീഡ് ഐറ്റം | : | (-)3,21,779/- |
| ഡെഫിസിറ്റ് | : | 23,51,135/- |

*ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.*

1. ഹാജരാക്കിയ രേഖകൾ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് 22488442/- രൂപയാണ്. ഷെഡ്യൂൾ I-14 (a) പ്രകാരം ചെലവ് 22456601/- രൂപയാണ്.
2. തൊഴിൽ രഹിത വേതനം I-6 ലെയും, I-14(d)യിലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

III.ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | | |
|---|---|---|
| ആകെ ആസ്തി | : | 2,31,18,086/- |
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | : | 2,26,13,687/- |
| പഞ്ചായത്ത് ഫണ്ട് | : | 5,04,399/- |

*<u>ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.</u>*

1. 2016-17-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ ബാധ്യതയായി കാണിച്ചിട്ടുള്ള ഇനങ്ങളിൽ Contractors Earnest Money Deposit-ൽ താഴെപ്പറയും പ്രകാരമുള്ള വ്യത്യാസം ഉള്ളതായി കാണുന്നു.

| ഇനം | 2015-16 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് (ഷെഡ്യൂൾ ബി-7) | തൻവർഷ വരവ് (RP-34 വരവ് ഭാഗം) | തൻവർഷം തിരികെ നല്കിയത് (RP-34 ചെലവ് ഭാഗം) | നീക്കിബാക്കിയായി കാണേണ്ടത് | 2016-17 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് (ഷെഡ്യൂൾ ബി-7) |
|---|---|---|---|---|---|
| Contractors Earnest Money Deposit- | 78082 | 4800 | ---- | 82882 | 35230 |

2. നിലം ലേലം ചെയ്ത ഇനത്തിൽ ലഭിച്ച വരവ് തുക 16100/- ബാലൻസ്ഷീറ്റിൽ (ബി-7) തെറ്റായി ലയബിലിറ്റിയായി കാണിച്ചിരിക്കുന്നു.
3. സോളാർ ലൈറ്റ് സ്ഥാപിക്കൽ (300000),മത്സ്യലേല ഹാൾ (237732), ബഡ്സ് സ്കൂൾ കെട്ടിടനിർമ്മാണം എന്നിവയുടെ ചെലവു തുകകൾ capital contribution ൽ ഉൾപ്പെടുത്തിയിട്ടില്ല.
4. ടോയ് ലറ്റ് നിർമ്മാണത്തിനായി total sanitation അക്കൌണ്ടിൽ നിന്നും ചെലവഴിച്ച തുകകൾ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽഅഡ്വാൻസായി കാണിച്ചിരിക്കുന്നു.
5. അഡ്വാൻസ് രജിസ്ററർ പൂർത്തീകരിച്ചിട്ടില്ല.ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
6. ആസ്തി രജിസ്ററർ കാലികമാക്കിയിട്ടില്ല.ആയതിനാൽ ഷെഡ്യൂൾB-11 പ്രകാരമുള്ള ആസ്തികളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

വാർഷിക കണക്ക് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം- I ആയി കൊടുത്തിരിക്കുന്നു.

## 4-2 <u>സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2016-17 | 50750 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 50750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 50750 | | 50750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 75000 | അംഗനവാടി പോഷകാഹാര വിതരണം | 0 | 75000 |

## 4-3 <u>ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ</u>

-ഇല്ല-

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ.നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1. | ശ്രീ. പ്രസാദ് ബാലകൃഷ്ണൻ | നാരകത്ര ജലസേചന പദ്ധതി | 847/30.03.2017 | 35577/- | 35577/- | 0 |

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6 സ്ഥിര നിക്ഷേപങ്ങൾ

-ഇല്ല-

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

-ഇല്ല-

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 2,62,09,781/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 2,62,06,376/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 5,705/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 16,545/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 16,43,524/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5250/- | | ആഷ്‌ലി നായർ, സെക്രട്ടറി,<br>സാജുമോൻ പത്രോസ്, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി -ഇൻ- ചാർജ്)<br>പെരുമാൾ പിള്ള. ആർ.വി, സെക്രട്ടറി |
| 2-2 | 455/- | | |
| 3-11 | | 1479/- | അജിതാ അനീഷ്, അസിസ്റ്റന്റ് എൻജിനീയർ |
| 3-12 | | 5750/- | ഇന്ദുശ്രീ. ഐ. ബി., അസിസ്റ്റന്റ് എൻജിനീയർ |
| 3-12 | | 9316/- | അജിതാ അനീഷ്, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 5,705/- | 16,545/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 3,00,000/- | ആഷ്‌ലി നായർ, സെക്രട്ടറി |
| 3-2 | 5,00,000/- | സാജുമോൻ പത്രോസ്,അസിസ്റ്റന്റ് സെക്രട്ടറി<br>(സെക്രട്ടറി -ഇൻ- ചാർജ്) |
| 3-3 | 1,30,000/- | ആഷ്‌ലി നായർ, സെക്രട്ടറി |
| 3-4 | 3,00,000/- | പ്രഭാകരൻ പിള്ള എച്ച്. ആർ.,<br>പ്രധാനാധ്യാപകൻ ഗവ.എൽ.പി. എസ്. |
| 3-5 | 2,62,395/- | ഡോ. ശിൽപ്പ ശശി,മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) |
| 3-6 | 20,000/- | ഡോ. ശിൽപ്പ ശശി , മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) |

| | | |
|---|---|---|
| 3-7 | 1,31,129/- | ഡോ. ജീവൻകുമാർ, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| ആകെ | 16,43,524/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആഷ്‌ലി നായർ, സെക്രട്ടറി | സെക്രട്ടറി,<br>ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് | ശ്രീവിലാസം, രാമങ്കരി പി.ഒ.,<br>ആലപ്പുഴ |
| സാജുമോൻ പത്രോസ്,<br>അസിസ്റ്റന്റ് സെക്രട്ടറി<br>(സെക്രട്ടറി-ഇൻ-ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി,<br>നെടുമുടി ഗ്രാമ പഞ്ചായത്ത് | തെക്കുംതറ,<br>വൈശ്യം ഭാഗം, ആലപ്പുഴ |
| പെരുമാൾ പിള്ള. ആർ.വി.,<br>സെക്രട്ടറി | സെക്രട്ടറി,<br>വെള്ളറട ഗ്രാമ പഞ്ചായത്ത് | കോവിൽ വിളകത്ത്,<br>കടാവെട്ടാറം, നെയ്യാറ്റിൻകര പി.<br>ഒ. |
| പ്രഭാകരൻ പിള്ള. എച്ച്. ആർ,<br>ഹെഡ്മാസ്റ്റർ | വിരമിച്ചു | കളരിക്കൽ, തൃക്കാർത്തിക,<br>രാമപുരം ബസ്സാർ പി. ഒ.-686576 |
| ഡോ. ശില്പ ശശി,<br>മെഡിക്കൽ ഓഫീസർ<br>(അലോപ്പതി) | അസിസ്റ്റന്റ് സർജൻ,<br>സി.എച്ച്. സി. വെളിയനാട് | കുന്നേൽ ഹൗസ്,<br>വാഴപ്പള്ളി പി.ഒ., ചങ്ങനാശ്ശേരി-<br>686103 |
| ഡോ. ജീവൻകുമാർ,<br>മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | മെഡിക്കൽ ഓഫീസർ,<br>ആയുർവേദ ഡിസ്പെൻസറി,<br>നീലംപേരൂർ | തീർത്ഥം, കൊല്ലാതറയിൽ,<br>പടഃ സൗത്ത്, കരുനാഗപ്പള്ളി<br>പി.ഒ, കൊല്ലം-690518 |
| അജിത അനീഷ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>(പ്രസവാവധി)<br>എൽ.എസ്.ജി.ഡി,<br>നീലംപേരൂർ ഗ്രാമ പഞ്ചായത്ത് | ഇത്തിപ്പറമ്പിൽ,<br>പള്ളുരുത്തി പി.ഒ. കൊച്ചി. - 6 |

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |
| ഇന്ദുശ്രീ. ഐ. ബി., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി, ചെല്ലാനം ഗ്രാമ പഞ്ചായത്ത് | കാർത്തിക, നിയർ പോസ്റ്റ് ഓഫീസ്, ശാസ്താംകോട്ട പി.ഒ. കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 1993-94 | എൽ.എഫ്.എ .14/1264/04, തീയതി 07-12-2004 |
| 1994-95 | എൽ.എഫ്. എ.14/1265/04, തീയതി. 06-11-2004 |
| 1995-96 | എൽ.എഫ്. എ.10/131/05, തീയതി. 08-08-05 |
| 1997-98 | എൽ.എഫ്. എ.10/203/03, തീയതി. 03-08-05 |
| 1997-98 (ചെലവ്) | എൽ.എഫ്. എ.4/303/01,തീയതി. 02-03-02 |
| 1998-99 (ചെലവ്) | എൽ.എഫ്. എ.4/1160/02, തീയതി. 10-03-03 |
| 2000-01 (ചെലവ്) | എൽ.എഫ്. എ.4-4/04, തീയതി. 05-05-04/01-07-04 |
| 2001-02 (ചെലവ്) | എൽ.എഫ്. ജി. എ.4-4/04, തീയതി. 05-05-04/01-07-04 |
| 2002-03 | എൽ.എഫ്. ജി. എ.10/772/09, 22-03-2010/10-04-2010 |
| 2003-04 | എൽ.എഫ്.എ.10/772/09, 22-03-2010/10-04-2010 |
| 2004-05 | എൽ.എഫ്.എ.പി10-772/09, 22-03-2010/10-04-2010 |
| 2005-06 | എൽ.എഫ്.എ.പി10-772/09, 22-03-2010/10-04-2010 |
| 2006-07 – 2009-10 | എൽ.എഫ്.എ.പി5-575/14, 09-05-14/10-06-2014 |

| | |
|---|---|
| 2010-11, 2011-12 & 2012-13 | എൽ.എഫ്.എ.പി10-1519/13, തീയതി. 01-04-14/03-06-14 |
| 2013-2014, 2014-2015 | കെ.എസ്.എ-എ.എൽ.പി/പി10/1389/15, 12-01-2015 |
| 2015-16 | നം.കെ.എസ്.എ-എ.എൽ.പി-പി10-134/2017, 08.02.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

## അനുബന്ധം-1

നം. കെ.എസ്.എ-എ.എൽ.പി-പി15-1324/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 04.11.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ

നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P15-1324/17

Kerala State Audit Department,

District Audit Office, Alappuzha.

Date: 04.11.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Neelamperoor Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Neelamperoor Grama Panchayat for the year 2016-17 except the observations in para 4-1 in my audit report, properly presents the picture of income and expenditure.

.

.

Deputy Director

Kerala State Audit Department

Alappuzha